(Pages : 4)

H – 2016

Reg. No. : ....

Name : ....

First Semester B.A. Degree Examination, November 2019

First Degree Programme under CBCSS

Malayalam : Language, Culture and Literature

Core Course I – ML 1141 : നോവൽ, ചരിത്രവും, പാഠവും

(2018 admission onwards)

gcwcentrallibrary.in

Time : 3 Hours

Max. Marks : 80

I. ഒരു വാക്കിലോ പരമാവധി രണ്ടു വാക്യത്തിലോ ഉത്തരമെഴുതുക.

1. ഘാതകവധത്തിന്റെ കർത്താവാര്?

2. സി.വി. രാമൻപിള്ള രചിച്ച ചരിത്രാഖ്യായികകൾ ഏവ ?

3. ചന്തുമേനോൻ രചിച്ച അപൂർണ്ണ നോവലേത്?

4. ആരാണ് രാമദാസൻ?

5. ചന്ത്രക്കാറൻ ആരുടെ മകനാണ്?

6. ബാല്യകാലസഖി ജീവിതത്തിൽ നിന്ന് വലിച്ചു ചീന്തിയ ഒരേടാണ് അതിന്റെ വക്കിൽ രക്തം പൊടിഞ്ഞിരിക്കുന്നുവെന്ന് പറഞ്ഞ നിരൂപകനാര്?

7. സുലൈമാൻ കഥാപാത്രമായി വരുന്ന ആനന്ദിന്റെ നോവലേത്?

P.T.O.

8. തകഴിക്ക് ജ്ഞാനപീഠപുരസ്ക്കാരം ലഭിച്ച വർഷമേത്?

9. എം.ടി.യുടെ ഏതു നോവലിനാണ് വയലാർ അവാർഡ് ലഭിച്ചത്?

10. ഖസാക്കിന്റെ ഇതിഹാസം രചിച്ചതാര്?

(10 × 1 = 10 Marks)

II. **ഒരു** ഖണ്ഡികയിൽ കവിയാതെ **എട്ടു** ചോദ്യത്തിന് ഉത്തരമെഴുതുക. (താഴെ കൊടുത്തിരിക്കുന്ന കഥാപാത്രങ്ങളെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക)

11. യോഗീശ്വരൻ.

12. ചന്ത്രക്കാറൻ.

13. കൃഷ്ണമേനോൻ.

14. ചാത്തൻ.

15. തങ്കം.

16. സുഹ്റ.

17. കുന്ദൻ.

18. ബൃഹന്നള.

19. ബലന്ധര.

20. അരത്തമ്മപ്പിള്ള തങ്കച്ചി.

21. ടിപ്പു.

22. കീചകൻ.

(8 × 2 = 16 Marks)

gcwcentrallibrary.in

III. നൂറ്റിയിരുപതു വാക്കിൽ കവിയാതെ **ആറു** ചോദ്യത്തിന് ഉത്തരം എഴുതുക.

23. 'കുന്ദലതയുടെ വിദ്യാഭ്യാസം അവൾക്ക് ഏറ്റവും വിനോദകരമായി ഭവിച്ചു.' എന്തുകൊണ്ട്?

24. "സബാഷ്! നീ ബഹദൂർ! നമുക്കു തമ്പി! തലവർക്കുപ്പിള്ളൈ" - ആര്? ആരോട്? എപ്പോൾ പറഞ്ഞു?

25. രാമൻ മേനോന്റെ എഴുത്തിന് മറുപടി കൊടുക്കണമെന്ന് കൃഷ്ണമേനോൻ ശഠിക്കുന്നതെന്തുകൊണ്ട്?

26. 'അപ്പം നെല്ലിന്റേം ചക്രത്തിന്റേം കാര്യം വരുമ്പം ജാതിയൊന്നുമില്ല' ആരുടെ വാക്കുകൾ? ഇങ്ങനെ പറയാൻ അയാളെ പ്രേരിപ്പിക്കുന്നതെന്ത്?

27. 'സുഹ്റയും മജീദും സുഹൃത്തുക്കളാകുന്നതിനുമുന്നേ അവർ ശത്രുക്കളായിരുന്നു' - കാരണം വിവരിക്കുക.

28. 'ഒക്കെ പേടിയാ! അപ്ഫനെ... അമ്മേ ആചാരങ്ങളെ ... ദൈവത്തെപ്പോലും പേടിയാണേട്ടന്' - ആരുടെ വാക്കുകൾ? കാരണമെന്ത് ?

29. "ദുഷ്ടനായിരുന്നു എന്നാലും അയാളൊരാളേ സ്വന്തമായുണ്ടായിരുന്നുള്ളു രക്തബന്ധത്തിൽ" ആരുടെ വാക്കുകൾ? ഇങ്ങനെ പറയാനിടയായ സാഹചര്യമെന്ത്?

30. കുന്ദന് ആ മനുഷ്യനോട് ദേഷ്യമാണ് തോന്നിയത് - ആ മനുഷ്യൻ ആര്? എന്തുകൊണ്ടാണ് കുന്ദന് ദേഷ്യം തോന്നിയത്?

31. ആദ്യകാല മലയാള നോവലുകളെ പരിചയപ്പെടുത്തുക.

(6 × 4 = 24 Marks)

IV. **മൂന്നു** പുറത്തിൽ കവിയാതെ **രണ്ടു** ചോദ്യത്തിന് ഉത്തരം എഴുതുക.

32. മനുഷ്യവികാരങ്ങളുടെ മൗലികതയും അപൂർവ്വതയുടെ സൗന്ദര്യവുമാണ് ബാല്യകാലസഖിയെ വ്യത്യസ്തമാക്കുന്നത് - ചർച്ച ചെയ്യുക.

33. കേരളത്തിന്റെ സാംസ്കാരിക നവോത്ഥാനത്തിന്റെ അടരുകളിലൂടെയാണ് ലളിതാംബിക അന്തർജ്ജനം 'അഗ്നിസാക്ഷി' രൂപപ്പെടുത്തിയത് - ശരിയോ?

gcwcentrallibrary.in

34. മനുഷ്യന്റെ നിസ്സഹായതയുടെയും അന്വത്വത്തിന്റെയും ദർശനഭാരമുള്ള നോവലാണ് മരുഭൂമികൾ ഉണ്ടാകുന്നത്. വിലയിരുത്തുക.

35. ഉത്തരാധുനിക പ്രവണതകൾ മലയാള നോവലിൽ വരുത്തുന്ന ഭാവുകത്വപരിണാമം ‘ഹെർബേറിയ’ത്തെ മുൻനിർത്തി വിശകലനം ചെയ്യുക.

(2 × 15 = 30 Marks)

———————

gcwcentrallibrary.in